"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാരുടേയും,അധ്യാപകരുടെയും സർക്കാരിലേക്കുള്ള വായ്പയും മുൻകൂറും 2020 ഏപ്രിൽ മാസം മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലെ തിരിച്ചടവ് മാറ്റിവെക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം.54/2020/ധന.** തീയതി,തിരുവനന്തപുരം, 01/05/2020

---

പരാമർശം:- 1 സ.ഉ (അ) നം. 50/2020/ധന തീയതി 28.04.2020

2 സ.ഉ (അ) നം. 53/2020/ധന തീയതി 30.04.2020

**ഉത്തരവ്**

കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന പ്രത്യേക സാഹചര്യത്തെ കണക്കിലെടുത്തു സൂചന (2)ഉത്തരവിൽ സൂചിപ്പിക്കുന്ന ജീവനക്കാരുടെ, അധ്യാപകരുടെയും ആറ് ദിവസത്തെ ശമ്പളം വീതം ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്യാതെ മാറ്റിവെക്കാൻ ഉത്തരവായിരുന്നു.ഇങ്ങനെ ശമ്പളം മാറ്റിവെക്കുമ്പോൾ ജീവനക്കാരുടെ ,അധ്യാപകരുടെയും ബുദ്ധിമുട്ടുകൾ പരമാവധി കുറക്കുന്നതിന് താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

സൂചന (2)ഉത്തരവിൽ പരാമർശിക്കുന്ന ജീവനക്കാരുടെ,അധ്യാപകരുടെയും ശമ്പളത്തിൽ നിന്നും സർക്കാരിലേക്കുള്ള വായ്പയുടെയും, മുൻകൂറിന്റെയും മുതലിനത്തിലുള്ളതും പലിശ ഇനത്തിലുള്ളതുമായ 2020 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ (പി.എഫ് വായ്പ ഉൾപ്പടെ) യുള്ള മാസങ്ങളിലെ തിരിച്ചടവ് മാറ്റിവെക്കാൻ ഉത്തരവാകുന്നു. മാറ്റിവെക്കപ്പെട്ട തിരിച്ചടവ് 10 തുല്യ തവണകളായി ടി ഉദ്യോഗസ്ഥരുടെ 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയുള്ള മാസങ്ങളിലെ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ ആനുകൂല്യം ബന്ധപ്പെട്ട ഡി.ഡി.ഒ യ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർക്കും ,അധ്യാപകർക്കും മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

മൊത്തശമ്പളത്തിൽ നിന്നും ആറുദിവസത്തെ ശമ്പളം കുറയ്ക്കുന്നതിന് ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ അത്തരം ഉദ്യോഗസ്ഥരുടെ പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വിഹിതം അടിസ്ഥാന ശമ്പളത്തിന്റെ ആറുശതമാക്കി കുറയ്ക്കേണ്ടതാണ്.

ഇതിൽ ഏതെങ്കിലും വീഴ്ച വന്നാൽ ബന്ധപ്പെട്ട ഡി.ഡി.ഒ യുടെ വ്യക്തിപരമായ ഉത്തരവാദിത്തമായി കണക്കാക്കും. തിരിച്ചടവിന് വീഴ്ച വരുത്തുന്ന ജീവനക്കാരുടെ ശമ്പള ബില്ലുകൾ ട്രഷറി ഓഫീസർ അംഗീകരിക്കേണ്ടതില്ല എന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1 ലെ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NITA KUMARI T
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ഐ)/ ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് (ഇ&ആർ.എസ.എ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് / ആഫീസ് മേധാവികൾക്കും
സെക്രെട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും ,സെക്ഷനുകൾക്കും
സെക്രട്ടറി ,കേരള പബ്ലിക് സർവീസ് കമ്മീഷൻ
എല്ലാ യൂണിവേഴ്സിറ്റികളുടെയും രെജിസ്റ്റര്മാര്ക്ക്

സെക്രട്ടറി ,കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ,തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോര്പറേഷന് ,തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ